©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 സെപ്റ്റംബർ 4<br>4th September 2018<br>1194 ചിങ്ങം 19<br>19th Chingam 1194<br>1940 ഭാദ്രം 13<br>13th Bhadra 1940 | നമ്പർ<br>No. 35 |

# PART III
# Co-operative Department

### പത്തനംതിട്ട ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: പി. ജെ. അബ്ദുൾ ഗഫാർ)

നമ്പർ എസ്.സി.റ്റി.എം. 2964/2018. 2018 ജൂലൈ 9.

വിഷയം :—പി.റ്റി. 176-ാം നമ്പർ റാന്നി റേഞ്ച് കള്ള് ചെത്ത് തൊഴിലാളി സഹകരണ സംഘം (ക്ലിപ്തം)—സമാപ്തീകരിക്കുന്നതിന് ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) റാന്നി യൂണിറ്റ് ഇൻസ്പെക്ടറുടെ 15-5-2018-ലെ 66 (2) പ്രകാരമുള്ള പരിശോധന റിപ്പോർട്ട്.

(2) റാന്നി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 6-6-2018-ലെ 324/18-ാം നമ്പർ കത്ത്.

പി. റ്റി. 176-ാം നമ്പർ റാന്നി റേഞ്ച് കള്ള് ചെത്ത് തൊഴിലാളി സഹകരണ സംഘം (ക്ലിപ്തം) റാന്നി താലൂക്കിൽ റാന്നി ആസ്ഥാനമാക്കി 29-3-2001-ൽ രജിസ്റ്റർ ചെയ്ത് 30-3-2001-ൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. എന്നാൽ സംഘത്തിന് നിലവിൽ ആസ്ഥാനമോ, ഭരണസമിതിയോ ജീവനക്കാരോ ഇല്ല.

2001-2002 വർഷ കാലയളവ്വരെയെ സംഘത്തിൽ പെയ്ഡ് സെക്രട്ടറി ഉണ്ടായിരുന്നുള്ളൂ. സംഘത്തിന്റെ റിക്കാർഡുകൾ ഒന്നും ലഭ്യമല്ലാത്തതാണ്. സംഘം പ്രവർത്തനം 2001-2002 വർഷക്കാലയളവുവരെ മാത്രമാണ് നടന്നിട്ടുള്ളത്. സംഘത്തിന്റെ അംഗീകൃത ഓഹരി മൂലധനം ` 1,000 വീതം വിലയുള്ള 5000 എ ക്ലാസ് ഓഹരികളുടെ വിലയായ ` 50,00,000-ം, ` 1,000 വീതം വിലയുള്ള 5000 ബി ക്ലാസ് ഓഹരികളുടെ വിലയായ ` 50,00,000-ം ഉൾപ്പെടെ ` 1,00,00,000 ആണ്. 2016-17 വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ആയതുപ്രകാരം സംഘത്തിന്റെ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| ഓഹരി മൂലധനം | ` 87,000 |
| പ്രവർത്തന മൂലധനം | ` 87,000 |
| അറ്റ നഷ്ടം | ` 1,09,370.50 |
| ബാങ്ക് നിക്ഷേപം | ` 19,470 |
| സംഘത്തിൽ നിന്ന് കൊടുക്കാനുള്ളത് | ` 14,359.50 |
| സംഘത്തിന് കിട്ടാനുള്ളത് | ` 5,87,035 |

സംഘം നിലവിൽ ഭരണസമിതിയോ, ആസ്ഥാനമോ, ജീവനക്കാരോ പ്രവർത്തനമോ ഇല്ലാത്തതാണെന്നും യാതൊരു പ്രവർത്തന സാധ്യതയും ഇല്ലെന്നും റാന്നി യൂണിറ്റ് ഇൻസ്പെക്ടറുടെ 66 (2) റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സംഘം പുനരുദ്ധീകരിക്കുന്നതിന് യാതൊരുവിധ സാദ്ധ്യതയും ഇല്ലാത്തതിനാലും ബന്ധപ്പെട്ട സർക്കിൾ സഹകരണ യൂണിയൻ, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എന്നിവർ ടി വിഷയം സംബന്ധിച്ച് അഭിപ്രായം നൽകാത്തതുമായ സാഹചര്യത്തിൽ സംഘത്തിന്റെ പ്രവർത്തനം സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിന് സാധിക്കുകയില്ല എന്ന് ഉത്തമ ബോധ്യം വന്ന സാഹചര്യത്തിൽ റാന്നി യൂണിറ്റ് ഇൻസ്പെക്ടറുടെ സഹകരണ നിയമം വകുപ്പ് 66 (2) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിന്റെയും റാന്നി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ ശുപാർശയും പരിഗണിച്ച് കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ട് താഴെ പറയുന്ന പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

പി. റ്റി. 176-ാം നമ്പർ റാന്നി റേഞ്ച് കള്ള് ചെത്ത് തൊഴിലാളി സഹകരണ സംഘം (ക്ലിപ്തം)-ന്റെ പ്രവർത്തനം കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സമാപ്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതിനായി റാന്നി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ റാന്നി യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഉടൻ ഏറ്റെടുക്കേണ്ടതും ചാർജ്ജ് ഏറ്റെടുത്തവിവരം ഏറ്റെടുത്തിട്ടുള്ള മുതലുകളുടെയും റിക്കാർഡുകളുടെയും വിവരങ്ങൾ സഹിതം യഥാസമയം ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ചാർജ് ഏറ്റെടുത്തതിനുശേഷം ലിക്വിഡേറ്റർ സംഘത്തിന്റെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തേണ്ടതും ലിക്വിഡേഷൻ തീയതിയിലെ ബാക്കിപത്രം തയ്യാറാക്കി ക്ലെയിം നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിലേക്കായി 3 പ്രതികൾ ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

റാന്നി അസിസ്റ്റന്റ്
രജിസ്ട്രാർ (ജനറൽ) ആഫീസ്,
പത്തനംതിട്ട.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

---

## ആലപ്പുഴ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ : ഷാജി ജോർജ്)

നമ്പർ എ.ഇ.എൽ. 2362/2017. 2018 മേയ് 26.

വിഷയം:—സഹകരണ വകുപ്പ്—സമാപ്തീകരണം—A.1079-ാം നമ്പർ നെടുമുടി വനിതാ സഹകരണ സംഘം (ക്ലിപ്തം)—1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 അനുസരിച്ച് രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

പരാമർശം:—(1) ഈ ആഫീസിലെ 21-12-2013-ലെ എച്ച്. എം. 2018/13-ാം നമ്പർ ഉത്തരവ്.

(2) ലിക്വിഡേറ്ററുടെ 24-5-2018-ലെ കെ. 157/14 നമ്പർ ഉത്തരവ്.

(3) കുട്ടനാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 24-5-2018-ലെ കെ. 157/14-ാം നമ്പർ കത്ത്.

A. 1079-ാം നമ്പർ നെടുമുടി വനിതാ സഹകരണ സംഘം (ക്ലിപ്തം)-ന്റെ പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 73(3) അനുസരിച്ച് അന്തിമമായി സമാപ്തീകരിച്ചുകൊണ്ട് പരാമർശം (2) പ്രകാരം സംഘത്തിന്റെ ലിക്വിഡേറ്റർ ഉത്തരവ് പുറപ്പെടുവിക്കുകയും ടി ഉത്തരവ് അംഗീകരിച്ചുകൊണ്ട് 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 അനുസരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പരാമർശം (3) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശയും ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

A. 1079-ാം നമ്പർ നെടുമുടി വനിതാ സഹകരണ സംഘം (ക്ലിപ്തം)-ന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം 74-ാം വകുപ്പ് പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ ലഭ്യമായ റിക്കാർഡുകൾ ലിക്വിഡേറ്റർ മൂന്ന് വർഷം സൂക്ഷിക്കേണ്ടതും അതിനുശേഷം ഈ ആഫീസിന്റെ അനുവാദം വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ) ആഫീസ്,
ആലപ്പുഴ.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ
(ജനറൽ).

## ആലപ്പുഴ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ നടപടിക്രമം

(ഹാജർ : ജി. ശ്രീകുമാർ)

നമ്പർ എച്ച്.എം. 103/2018. 2018 ജൂലൈ 20.

വിഷയം:—സഹകരണ വകുപ്പ്—ആലപ്പുഴ ബെറ്റർഫാമിംഗ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ. 125—സഹകരണ സംഘം നിയമം വകുപ്പ് 71 (1) പ്രകാരം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:— (1) മണ്ണഞ്ചേരി യൂണിറ്റ് ഇൻസ്പെക്ടറുടെ 66-ാം വകുപ്പ് പ്രകാരമുള്ള പരിശോധനാ റിപ്പോർട്ട്.

(2) അമ്പലപ്പുഴ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 28-12-2017-ാം തീയതിയിലെ എം. 319 (എ)/2008-ാം നമ്പർ കത്ത്.

(3) ഈ ആഫീസിലെ 2-2-2018-ലെ ഇതേ നമ്പർ നോട്ടീസ്.

ആലപ്പുഴ ബെറ്റർഫാമിംഗ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ. 125 ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ 11-11-1960-ൽ രജിസ്റ്റർ ചെയ്യപ്പെടുകയും 21-11-1960-ൽ പ്രവർത്തനമാരംഭിക്കുകയും ചെയ്ത ഒരു സഹകരണ സംഘമാണ്.

സൂചന (1) പ്രകാരം സമർപ്പിച്ചിട്ടുള്ള 66-ാം വകുപ്പ് പരിശോധനാ റിപ്പോർട്ടിൽ സംഘം നിർജ്ജീവാവസ്ഥയിലാണെന്നും സംഘത്തിന് സ്വന്തമായി ആഫീസോ ശമ്പളം പറ്റുന്ന ജീവനക്കാരോ ഇല്ലെന്നും തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും ഇല്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. യാതൊരുവിധ പ്രവർത്തികളും സംഘം ഏറ്റെടുത്ത് ചെയ്യുന്നില്ലെന്നും നിർജ്ജീവാവസ്ഥയിൽ തുടരുകയാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യങ്ങളിൽ സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്നും എൻക്വയറി ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അമ്പലപ്പുഴയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടി സംഘം പ്രവർത്തനം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഉദ്ദേശിക്കുന്നുവെന്നും ഈ നടപടിക്കെതിരെ എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നിശ്ചിത സമയപരിധിക്കുള്ളിൽ ബോധിപ്പിക്കണമെന്നും സൂചന (3) പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി നോട്ടീസിന്മേൽ യാതൊരു ആക്ഷേപവും ലഭിച്ചിട്ടില്ലാത്തതുമാകുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ ഏത് ഉദ്ദേശലക്ഷ്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടിയാണോ സംഘം രജിസ്റ്റർ ചെയ്യപ്പെട്ടത്, ആ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ടി സംഘം പരാജയപ്പെട്ടിരിക്കുന്നുവെന്നും അംഗങ്ങൾക്ക് സംഘത്തിന്റെ പ്രവർത്തനത്തിൽ താൽപര്യമില്ലായെന്നും സംഘം പ്രവർത്തനം പുനരുജ്ജീവിപ്പിക്കുവാൻ യാതൊരു സാധ്യതയുമില്ലായെന്നും ഇപ്പോഴത്തെ അവസ്ഥയിൽ ടി സംഘം, പ്രവർത്തിക്കുന്ന സംഘങ്ങളുടെ പട്ടികയിൽ തുടർന്നുപോകേണ്ട ആവശ്യം ഇല്ലായെന്നും ഉത്തമബോദ്ധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

### ഉത്തരവ്

ആലപ്പുഴ ബെറ്റർഫാമിംഗ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ. 125-ന്റെ പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം 71 (1) വകുപ്പ് പ്രകാരം സമാപ്തീകരിക്കുന്നതിനായി ടി നിയമം വകുപ്പ് 72 പ്രകാരം അമ്പലപ്പുഴ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ അമ്പലപ്പുഴ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഘത്തിന്റെ എല്ലാവിധ മുതലുകളുടെയും റിക്കാർഡുകളുടെയും ചുമതല ലിക്വിഡേറ്റർ ഏറ്റെടുത്ത് വിവരം ഈ ആഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ചാർജ്ജെടുക്കുന്ന തീയതിയിലെ വരവ് ചെലവ് കണക്കും ബാക്കിപത്രവും അയച്ചുതരേണ്ടതാണ്. ലിക്വിഡേറ്റർ സഹകരണ നിയമം വകുപ്പ് 73, ചട്ടം 69 (12) എന്നിവയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപ്രകാരമുള്ള സമയപരിധിക്കകം സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്,
ആലപ്പുഴ.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ
(ജനറൽ).

---

## കോട്ടയം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ നടപടിക്രമം

(ഹാജർ : ശ്രീ. എം. ബിനോയ് കുമാർ)

നമ്പർ എ. ഇ. എൽ./6054/2001. 2018 മാർച്ച് 28.

വിഷയം :—സമാപ്തീകരണം—കെ. 265 വൈക്കം ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) കോട്ടയം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 31-3-1975-ലെ ഇ. /1916/75 നമ്പർ ഉത്തരവ്.

(2) ബഹു. സഹകരണസംഘം രജിസ്ട്രാറുടെ 18-5-2018-ലെ എ. ഇ. എൽ./54319/17 നമ്പർ ഉത്തരവ്.

(3) വൈക്കം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 26-3-2018-ലെ V282/2014 നമ്പർ കത്ത്.

(4) സംഘം ലിക്വിഡേറ്ററുടെ 26-3-2018-ലെ 2-ാം നമ്പർ തീരുമാനം.

കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ 8-2-1966-ൽ രജിസ്റ്റർ ചെയ്ത് 15-2-1966 മുതൽ പ്രവർത്തനം ആരംഭിച്ച കെ. 265 വൈക്കം ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം പ്രവർത്തനങ്ങൾ നിലച്ചതിനെ തുടർന്ന് സൂചന (1) ഉത്തരവ് പ്രകാരം ലിക്വിഡേഷനിലാണ്. ടി സംഘത്തിൽ 23-8-1975-ൽ ലിക്വിഡേറ്റർ ചാർജ്ജെടുത്ത് ലിക്വിഡേഷൻ നടപടികൾ നടത്തിവന്നിട്ടുള്ളതാണ്. ക്രമപ്രകാരം ക്ലെയിം നോട്ടീസ് പ്രസിദ്ധീകരിക്കുകയും ലഭ്യമായ രജിസ്റ്ററുകളും റിക്കാർഡുകളും ഉപയോഗിച്ച് സംഘത്തിന്റെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. സർക്കാർ ഓഹരി ഇനത്തിൽ

തിരിച്ചടവിന് ബാക്കിനിൽപ്പുണ്ടായിരുന്ന ` 3,000 ലികിഡേഷൻ ചാർജ്ജിനത്തിൽ ` 127 എന്നിവ ലികിഡേറ്റർ അടച്ചുതീർത്തു. തുടർന്ന് യാതൊരു കാരണവശാലും ഈടാക്കിയെടുക്കാൻ സാധിക്കാത്ത ആസ്തികൾ എഴുതിത്തള്ളിയും, ബാധ്യതകൾ കണ്ടുകെട്ടിയും 14-12-2017-ലെ എ.ഇ.എൽ/6054/2001 നമ്പർ പ്രകാരം ഉത്തരവ് നൽകിയിട്ടുള്ളതാണ്. സംഘത്തിന് ഇപ്പോൾ സർക്കാരിലേക്ക് യാതൊരുവിധ കുടിശ്ശികയും ഇല്ലാത്തതാണ്. ലികിഡേറ്റർ സംഘത്തിന്റെ അന്തിമ പൊതുയോഗം വിളിച്ചുചേർത്തെങ്കിലും ആരും തന്നെ ഹാജരായിട്ടുള്ളതല്ല. ലികിഡേറ്ററുടെ വരവ്-ചെലവ് കണക്കുകളും ബന്ധപ്പെട്ട രേഖകളും എ. ഇ. എൽ. ആഡിറ്റിന് വിധേയമാക്കിയിട്ടുള്ളതാണ്. ബഹുമാനപ്പെട്ട സഹകരണസംഘം രജിസ്ട്രാറുടെ സൂചന (2) ഉത്തരവ് പ്രകാരം സംഘത്തിന്റെ ലികിഡേറ്റർക്ക് 31-3-2018 വരെ കാലാവധിയുണ്ട്. ലികിഡേറ്ററുടെ നാളിതുവരെയുള്ള വരവ്-ചെലവ് കണക്ക്, ഇപ്പോഴത്തെ ബാക്കിപത്രം എന്നിവ താഴെ പറയും പ്രകാരമാണ്.

നാളിതുവരെയുള്ള വരവ്-ചെലവ് കണക്ക്

| വരവ് | തുക ` | ചെലവ് | തുക ` |
|---|---|---|---|
| ക്യാഷ് | 1,800.00 | DCB SB ലികിഡേറ്റർ | 2,049.20 |
| DCB SB | 153.10 | ലികിഡേറ്റർ എക്സ്പെൻസ് | 128.30 |
| ലികിഡേറ്റർ ബാങ്ക് അക്കൗണ്ട് | 1,528.00 | അഫിലിയേഷൻ ഫീസ് | 40.00 |
| പലിശ | 396.10 | ലികിഡേഷൻ ചാർജ്ജ് | 127.00 |
| വടയാർ എസ്. സി. ബി. | 9.00 | കോമൺ ലികിഡേഷൻ ഫണ്ട് | 43.00 |
| ലികിഡേറ്റർ അഡ്വാൻസ് | 6.30 | ഗവൺമെന്റ് ഷെയർ | 3,000.00 |
| ഡെഫിസിറ്റ് സ്റ്റോക്ക് | 1,500.00 | ലികിഡേറ്റർ അഡ്വാൻസ് | 5.00 |
| ആസ്തികൾ എഴുതിത്തള്ളിയത് | 6,440.86 | ബാധ്യതകൾ കണ്ടുകെട്ടിയത് | 6,440.86 |
| ആകെ | 11,833.36 | ആകെ | 11,833.36 |

ഇപ്പോഴത്തെ ബാക്കിപത്രം

| ബാദ്ധ്യത | തുക | ആസ്തി | തുക |
|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

ലികിഡേഷൻ സംബന്ധിച്ച നടപടികൾ എല്ലാം പൂർത്തിയായതിനെത്തുടർന്ന് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് ലഭിക്കുന്നതിനായി സൂചന (4) പ്രകാരം ലികിഡേറ്റർ തീരുമാനമെടുത്ത് സൂചന (3) വൈക്കം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശ സഹിതം അപേക്ഷ ഈ ഓഫീസിൽ സമർപ്പിച്ചിരിക്കുന്നു. മേൽ സാഹചര്യം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സൂചന (4) ലികിഡേറ്ററുടെ തീരുമാനം സൂചന (3) വൈക്കം അസിസ്റ്റന്റ് രജിസ്ട്രാറുടെ അപേക്ഷ എന്നിവ പരിഗണിച്ച് കെ 265 വൈക്കം ലേബർ കോൺട്രാക്റ്റ് സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

കെ 265 വൈക്കം ലേബർ കോൺട്രാക്റ്റ് സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും ടി സംഘത്തിന്റെ പേര്, സംഘങ്ങളുടെ പട്ടികയിൽ നിന്നും നീക്കംചെയ്തുകൊണ്ടും ഉത്തരവാകുന്നു. സംഘത്തിന്റെ രജിസ്റ്ററുകളും രേഖകളും ലികിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും അതിനുശേഷം ഈ ആഫീസിന്റെ അനുമതിയോടെ മാത്രം നശിപ്പിക്കാവുന്നതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ
(ജനറൽ) ആഫീസ്, കോട്ടയം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

REGISTRATION CERTIFICATE

I do hereby certify in exercise of the powers conferred on me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following societies, the particulars which are furnished in the Categorical Statements registered by me today as a Co-operative Society under the said Act, on the basis of limited liability and that the bye-laws of the undermentioned societies are also hereby registered under the said section.

**Categorical Statements**

(1)

No. O-1648/2015. *20th December 2017.*

1. Name and Number of the Society—Allapra Agricultural Improvement Co-operative Society Ltd. No. E-1389
2. Date of Registration—20-12-2017.
3. Address—Allapra P. O., Pin-683 556.
4. Liability—Limited.
5. Area of Operation—Wards 1 to 23 of Vengola Grama Panchayath of Kunnathunadu Taluk in Ernakulam District.
6. Main Object—To promote self help, mutual help and Co-operation among members and to promote the economic interest of its members.
7. Authorized Share Capital—` 77,50,000.

   (A Class— 50000 Shares of ` 100 each.

   B Class— 5000 Shares of ` 500 each.

   C Class— 10000 Shares of ` 25 each.)
8. Maximum borrowing limit—150 times of paid up Share Capital Plus Reserve Fund
9. Category as per KCS Act—Rule 15-1 Credit Societies A short term/medium term-3 primary

   (a) Agricultural Improvement Society.

(2)

No. O-4229/2017. *12th April 2018.*

1. Name and Number of the Society—Thuravoor Grameena Co-operative Society Ltd. No. E-1392.
2. Date of Registration—12-4-2018.
3. Address—Thuravoor P. O., Pin-683 572
4. Liability—Limited.
5. Area of Operation—Ward No. 1 to 8 and 13 and 14 of Thuravoor Panchayath.
6. Main Object—To promote self help, mutual help and Co-operation among members.
7. Type of Society—Miscellaneous Societies-(3) Others-(i) Not falling in either of the above sub classes, as per Rule 15-12. (3). (i)
8. Authorized Share Capital—31 lakhs.
9. Maximum borrowing power—150 times of paid up share capital plus reserve fund.

(3)

No. O-5566/2017. *6th July 2018.*

1. Name and Number of the Society—Pravasi Co-operative Society Ltd. No. E-1393
2. Date of Registration—6-7-2018.
3. Address—North Paravur P. O., Pin-683 513.
4. Liability—Limited.
5. Area of operation—Paravur Block Panchayath Area
6. Main Object—To promote Self help, mutual help and Co-operation among members and to promote the economic interests of its members.
7. Authorized Share Capital—` 1,00,00,000.

   (A Class— 30000 Shares of ` 250 each.

   B Class— 2000 Shares of ` 1,000 each.

   C Class— 50000 Shares of ` 10 each.)
8. Maximum borrowing limit—150 times of paid up Share Capital Plus Reserve Fund.
9. Category as per KCS Act—Rule 15. 12 Miscellaneous Societies (3)-Others (i) Not falling in either of the above sub classes

Office of the Joint Registrar of Co-operative Societies (General), Kakkanad, Ernakulam.

(Sd.)
*Joint Registrar (General).*

---

REGISTRATION CERTIFICATE

No. O-8119/2017. *7th July 2018.*

I do hereby certify in exercise of the powers conferred on me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following Society the particulars which is furnished in the Categorical Statement is registered by me today as a Co-operative Society under the said Act on the basis of limited liability and that the bye-laws of the undermentioned Society is also hereby registered under the said section.

**Categorical Statement**

1. Name and Number of the Society—Palakkad District Barbers and Beauticians Co-operative Society Ltd. No. P-1439.
2. Date of Registration —7-7-2018.
3. Address—Madhava Arcade, Near Palat Junction, Palakkad
4. Liability—Limited.
5. Area of Operation—Whole area of Palakkad District except Eruthenpathy Panchayath.
6. Main Objects—Accepting deposits and lending Loans to members and their promotional activities.
7. Type of Society—Miscellaneous Societies-(3) Others-(i) Not falling in either of the above sub classes, as per Rule 15-12. (3). (i).
8. Authorised Share Capital—85 lakhs
9. Maximum borrowing power—150 times of the paid up Share Capital Plus Reserve Fund.

Office of the Joint Registrar of Co-operative Societies (General), Palakkad.

(Sd.)
*Joint Registrar (General).*

---

**മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം**

(ഹാജർ: ശ്രീ. സി. കെ. ഗിരീശൻ പിള്ള)

നമ്പർ എച്ച്.എം.സി. 8071/2014/കെ.ഡിസ്. 2018 ജൂൺ 26.

വിഷയം:—താനൂർ ബ്ലോക്ക് പഞ്ചായത്ത് കോക്കനട്ട് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 588—സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

പരാമർശം:—(1) മലപ്പുറം ഓഡിറ്റ് ജോയിന്റ് ഡയറക്ടറുടെ 15-10-2014-ലെ എം-1825/2014-ാം നമ്പർ കത്ത്.

(2) തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 21-3-2015-ലെ ഇ 1950/2014 നമ്പർ കത്ത്.

(3) 20-1-2015-ാം തീയതിയിലെ പരിശോധനാ റിപ്പോർട്ട് .

താനൂർ ബ്ലോക്ക് പഞ്ചായത്ത് കോക്കനട്ട് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 588 വർഷങ്ങളായി പ്രവർത്തന രഹിതമാണ്. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ കാലാവധി 26-9-2015-ന് അവസാനിക്കുകയും നിലവിലുള്ള ഭരണസമിതി പുതിയ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുകയും ചെയ്തതുമൂലം സംഘത്തിൽ വർഷങ്ങളായി ഭരണസ്തംഭനം നിലനിൽക്കുകയാണ്.

29-3-2000-ൽ രജിസ്റ്റർ ചെയ്ത് 30-3-2000-ൽ പ്രവർത്തനം ആരംഭിച്ച സംഘത്തിന് സ്ഥിരമായ ഓഫീസോ, ജീവനക്കാരോ ഇല്ല. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി സംഘത്തെ പുരോഗതിയിലേക്ക് കൊണ്ടുവരുന്നതിനാവശ്യമായ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ സംഘത്തിന്റെ പ്രവർത്തനം, സാമ്പത്തിക ഘടന, പുനരുജ്ജീവന സാധ്യത എന്നിവ സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 66 പ്രകാരം പരിശോധന നടത്തുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത പരിശോധന വേളയിൽ സംഘം മെമ്പർമാർ, മുൻ ഭരണസമിതിയംഗങ്ങൾ എന്നിവർ സംഘം പുനരുദ്ധരിച്ച് പ്രവർത്തിക്കാൻ താൽപര്യമില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും സംഘം പുനരുദ്ധരിക്കുന്നതിനും ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിന് അംഗങ്ങൾക്ക് താൽപര്യമില്ലാത്തതിനാലും സംഘത്തിന്റെ ആസ്തികൾ കൈവശപ്പെടുത്തുന്നതിനും ബാദ്ധ്യതകൾ കൊടുത്തുതീർക്കുന്നതിനും സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും പരിശോധന ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

സംഘത്തിന്റെ ഇപ്പോഴത്തെ അവസ്ഥയും പരിശോധനയിൽ കണ്ടെത്തിയ വസ്തുതകളും വിലയിരുത്തുമ്പോൾ സംഘം പ്രവർത്തനം സമാപ്തീകരിക്കലാണ് ഉചിതമായ നടപടിയെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ സമാപ്തീകരണത്തിന് മുന്നോടിയായി 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 (1)-ൽ നിഷ്കർഷിച്ച പ്രകാരം ബന്ധപ്പെട്ട ധനസഹായ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ എന്നിവർക്ക് മേൽ വിഷയത്തിൽ എന്തെങ്കിലും അഭിപ്രായമോ, ആക്ഷേപമോ ബോധിപ്പിക്കുവാനുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശപ്രകാരം സമയം അനുവദിച്ച് കൊണ്ട് നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നിശ്ചിത സമയ പരിധിക്കകം ആരും തന്നെ ആക്ഷേപമോ അഭിപ്രായമോ ബോധിപ്പിക്കുകയുണ്ടായില്ല. മേൽ സാഹചര്യത്തിൽ താഴെപറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 (1) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് താനൂർ ബ്ലോക്ക് പഞ്ചായത്ത് കോക്കനട്ട് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 588-ന്റെ പ്രവർത്തനം സമാപ്തീകരിച്ചുകൊണ്ടും വകുപ്പ് 72 (1) പ്രകാരം തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ താനൂർ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഉടൻ തന്നെ സംഘത്തിന്റെ ചാർജ്ജ് ഏറ്റെടുക്കേണ്ടതും ചാർജ്ജെടുത്ത തീയതിയിലെ ബാക്കിപത്രം, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും സഹകരണ സംഘം നിയമം, ചട്ടം, സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിധേയമായി ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും ചട്ടം 69 (3) പ്രകാരമുള്ള ത്രൈമാസ റിപ്പോർട്ട് യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, മലപ്പുറം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

---

## കോഴിക്കോട് ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ : കെ. ഉദയഭാനു)

(1)

നമ്പർ എ.ഇ.എൽ./5978/2003. 2018 ജൂൺ 28.

വിഷയം :—സമാപ്തീകരണത്തിലായ നടുവണ്ണൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ എൽ. എൽ. 68-ന്റെ ആസ്തി ബാധ്യതകൾ നടുവണ്ണൂർ റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ എഫ് 1269-ന് കൈമാറുന്നത്—സംബന്ധിച്ച്.

സൂചന :—(1) ഈ ആഫീസിലെ 5-9-2003-ാം തീയതിയിലെ സി. ആർ. ബി. 170/03-ാം നമ്പർ ഉത്തരവ്.

(2) ബഹു. കേരള ഹൈക്കോടതിയുടെ 26-7-2013-ാം തീയതിയിലെ 17295/13 റിട്ട് ഹർജിയിൻമേലുള്ള വിധിന്യായം.

(3) ഈ ആഫീസിലെ 18-10-2013-ാം തീയതിലെ സി. ആർ. പി. (2) 3970/13-ാം നമ്പർ ഉത്തരവ്.

(4) ബഹു. കേരള ഹൈക്കോടതിയുടെ 31432/15 റിട്ട് ഹർജിയിൻമേലുള്ള 3-7-2015-ാം തീയതിയിലെ വിധിന്യായം.

(5) നടുവണ്ണൂർ സർവ്വീസ് സഹകരണ ബാങ്ക് ലിക്വിഡേറ്ററുടെ 16-3-2018—ലെ അപേക്ഷ.

സൂചന (1) പ്രകാരം നടുവണ്ണൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ സമാപ്തീകരണ ഉത്തരവായതാണ്. പ്രവർത്തനരഹിതമായ നടുവണ്ണൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ആസ്തി-ബാധ്യതകൾ ഇതേ ഉദ്ദേശ്യത്തോടെയും ലക്ഷ്യത്തോടെയും പ്രവർത്തിക്കുന്ന നടുവണ്ണൂർ റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്ക് ഏറ്റെടുക്കുവാൻ തയ്യാറാണെന്ന് പ്രസ്തുത ബാങ്കിന്റെ ഭരണസമിതി തീരുമാനം കൈക്കൊണ്ട് ആയത് കോഴിക്കോട് ജോയിന്റ് രജിസ്ട്രാർക്ക് സമർപ്പിച്ചു. 27-12-2011-ാം തീയതിയിൽ നടുവണ്ണൂർ റീജിയണൽ സർവ്വീസ് സഹകരണ ബാങ്കിന്റെ ലിക്വിഡേറ്റർ വിളിച്ചുചേർത്ത പൊതുയോഗത്തിൽ ബാങ്കിന്റെ എ ക്ലാസ്സ് മെമ്പർമാർ ആരും തന്നെ പങ്കെടുത്തിട്ടില്ല. എന്നാൽ ലിക്വിഡേറ്റർ മേൽപറഞ്ഞ പൊതുയോഗത്തിൽ നടുവണ്ണൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ആസ്തി-ബാധ്യതകൾ ഇതേ ഉദ്ദേശ്യത്തോടെയും ലക്ഷ്യത്തോടെയും പ്രവർത്തിക്കുന്ന നടുവണ്ണൂർ റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്കുമായി സംയോജിപ്പിക്കുന്നതിന് തീരുമാനം കൈക്കൊണ്ടു. ലിക്വിഡേഷനിലായ നടുവണ്ണൂർ സർവ്വീസ് സഹകരണ ബാങ്കിന്റെയും നടുവണ്ണൂർ റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെയും സംയോജനം സംബന്ധിച്ച കാര്യങ്ങൾ കോഴിക്കോട് ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ പരിഗണനയിലായിരിക്കെ ഇതിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ 17295/13-ാം നമ്പരായി റിട്ട് ഹർജി ഫയൽ ചെയ്യുകയും ആയത് സൂചന (2) പ്രകാരം വിധിയാവുകയും ചെയ്തിട്ടുണ്ട്. ടി വിധിപ്രകാരം പരാതിക്കാർ ഇത് സംബന്ധിച്ച് കോഴിക്കോട് ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുമ്പാകെ സമർപ്പിച്ച പരാതി തീർപ്പാക്കുന്നതിന് ഉത്തരവായി. എന്നാൽ കോഴിക്കോട് ജോയിന്റ് രജിസ്ട്രാർ മേൽകാര്യം സംബന്ധിച്ച എല്ലാ വിഷയങ്ങളും പരിശോധിച്ചും നടപടിക്രമങ്ങൾ പാലിച്ചും നടുവണ്ണൂർ സർവ്വീസ് സഹകരണ ബാങ്കിന്റെയും നടുവണ്ണൂർ റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെയും ആസ്തി-ബാധ്യതകൾ സംയോജിപ്പിക്കുന്നതിന് സൂചന (3) പ്രകാരം ഉത്തരവായി. ടി ഉത്തരവിനെതിരെ പരാതിക്കാർ വീണ്ടും ബഹു. കേരള ഹൈക്കോടതിയിൽ 31432/13-ാം നമ്പരായി റിട്ട് ഹർജി ഫയൽ ചെയ്യുകയും ആയത് സൂചന (4) പ്രകാരം വിധിയാവുകയും ചെയ്തിട്ടുണ്ട്. ടി വിധിന്യായപ്രകാരം പരാതിക്കാർ നടുവണ്ണൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ആസ്തി-ബാധ്യതകൾ നടുവണ്ണൂർ റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്കുമായി സംയോജിപ്പിക്കുന്നതിനെതിരെയുള്ള റിട്ട് ഹർജി പൂർണ്ണമായും തള്ളുകയും സംയോജനവുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ ശരിവയ്ക്കുകയും ചെയ്തിട്ടുണ്ട്. സൂചന (5) പ്രകാരം സംഘം ലിക്വിഡേറ്റർ സമർപ്പിച്ച അപേക്ഷയിൽമേൽ കോടതി വിധിപ്രകാരമുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി അപേക്ഷിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

### ഉത്തരവ്

ലിക്വിഡേഷനിലായ നടുവണ്ണൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ എൽ. എൽ. 68-ന്റെ ആസ്തി ബാധ്യതകൾ ബഹു. കേരള ഹൈക്കോടതിയുടെ 31432/13 റിട്ട് ഹർജിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ നിയമം (1) എ വകുപ്പ് 14 പ്രകാരം നടുവണ്ണൂർ റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ എഫ് 1269-മായി സംയോജിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. നടുവണ്ണൂർ സർവ്വീസ് സഹകരണ ബാങ്ക് ലിക്വിഡേറ്ററായ ശ്രീ. പി. കെ. സന്തോഷ്കുമാർ സംയോജനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ കൊയിലാണ്ടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ മേൽനോട്ടത്തിൽ പൂർത്തീകരിക്കേണ്ടതാണ്. ആയതു സംബന്ധിച്ച വിവരങ്ങൾ അസിസ്റ്റന്റ് രജിസ്ട്രാർ ഈ ഓഫീസിൽ യഥാസമയം സമർപ്പിക്കേണ്ടതാണ്.

(2)

നമ്പർ എ.ഇ.എൽ./496/12/കെ.ഡിസ്. 2018 ജൂൺ 30.

വിഷയം:—സഹകരണ വകുപ്പ്—സമാപ്തീകരണം—പാസ്പോർട്ട് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ഡി. 2657-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ലിക്വിഡേഷൻ അന്തിമ ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) കോഴിക്കോട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 2-6-2011-ാം തീയതിയിലെ റിപ്പോർട്ട്.

(2) ഈ ആഫീസിലെ 11-1-2012-ാം തീയതിലെ സി. ആർ. ബി./3374/11-ാം നമ്പർ ഉത്തരവ്.

(3) കേരള സംസ്ഥാന സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)-ടെ 23-5-2018-ാം തീയതിയിലെ ഉത്തരവ്.

(4) കോഴിക്കോട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 8-6-2018-ാം തീയതിയിലെ എച്ച് 227/12-ാം നമ്പർ കത്ത്

(5) 30-6-2018-ാം തീയതിയിലെ എ.ഇ.എൽ. ആഡിറ്റ് റിപ്പോർട്ട്.

പാസ്പോർട്ട് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ഡി. 2657 പുനരുദ്ധരിക്കാനാകാത്തവിധം പ്രവർത്തനരഹിതമാണെന്നും ആയതിനാൽ സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സൂചന (1) പ്രകാരമുള്ള കോഴിക്കോട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം പാസ്പോർട്ട് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സഹകരണ നിയമം വകുപ്പ് 71 (2) പ്രകാരം സമാപ്തീകരണ ഉത്തരവായി. തുടർന്ന് സംഘത്തിന്റെ ഘട്ടം ഘട്ടമായുള്ള ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കുകയും ആയതിലേക്കായി ലിക്വിഡേറ്ററുടെ കാലാവധി യഥാസമയം ദീർഘിപ്പിച്ചുത്തരവാകുകയും ചെയ്തിട്ടുണ്ട്. സൂചന (3) പ്രകാരം സംഘം ലിക്വിഡേറ്ററുടെ കാലാവധി 10-1-2019 വരെ ദീർഘിപ്പിച്ചുത്തരവായിട്ടുണ്ട്. സൂചന (4) പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് എ. ഇ. എൽ. ആഡിറ്റിന് സമർപ്പിക്കുകയും ആയത് സൂചന (5) പ്രകാരം പരിശോധന പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

പാസ്പോർട്ട് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ഡി. 2657 തുറന്ന് പ്രവർത്തിക്കുന്നതിനോ പുനരുദ്ധരിക്കുന്നതിനോ യാതൊരുവിധ സാദ്ധ്യതകളും നിലവിലില്ലാത്തതിനാൽ സഹകരണ നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(3)

നമ്പർ എ.ഇ.എൽ./6067/16/കെ.ഡിസ്. 2018 ജൂൺ 30.

വിഷയം:— സഹകരണ വകുപ്പ്—സമാപ്തീകരണം—വടകര ടിമ്പർ വർക്കേഴ്സ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഡി. 2290-ന്റെ സമാപ്തീകരണം അന്തിമ ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) വടകരയുടെ 2-11-2004-ാം തീയതിയിലെ റിപ്പോർട്ട്.

(2) ഈ ആഫീസിലെ 29-6-2006-ാം തീയതിലെ സി. ആർ. ബി./6892/04-ാം നമ്പർ ഉത്തരവ്.

(3) സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)-ടെ 30-4-2018-ാം തീയതിയിലെ എ.ഇ.എൽ. 1814/18-ാം നമ്പർ ഉത്തരവ്.

(4) സംഘം ലിക്വിഡേറ്ററുടെ 25-6-2018-ാം തീയതിയിലെ റിപ്പോർട്ട്

(5) 29-6-2018-ാം തീയതിയിലെ എ.ഇ.എൽ. ആഡിറ്റ് റിപ്പോർട്ട്.

സൂചന (1) പ്രകാരം വടകര ടിമ്പർ വർക്കേഴ്സ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഡി. 2290 പ്രവർത്തനരഹിതമാണെന്നും ആയതിന്റെ സമാപ്തീകരണ നടപടികൾ സ്വീകരിക്കണമെന്നുമുള്ള വകുപ്പ് 66 അന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം 29-6-2006-ാം തീയതിയിൽ സൂചന (2) പ്രകാരം വടകര ടിമ്പർ വർക്കേഴ്സ് സഹകരണ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിന് ഉത്തരവായി. സമാപ്തീകരണവുമായി വിവിധ ഘട്ടങ്ങളിലെ പ്രവർത്തനം പൂർത്തീകരിക്കുന്നതോടൊപ്പം സംഘം ലിക്വിഡേറ്ററുടെ കാലാവധിയും യഥാവിധി ദീർഘിപ്പിച്ച് ഉത്തരവാകുകയും ആയതു പ്രകാരം 25-9-2018 വരെ കാലാവധി ദീർഘിപ്പിച്ചുത്തരവാകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് സംഘം ലിക്വിഡേറ്ററുടെ സൂചന (4) പ്രകാരമുള്ള റിപ്പോർട്ട് പ്രകാരം മേൽ സംഘത്തിന്റെ സമാപ്തീകരണവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചതായും സംഘത്തിന്റെ അവസാനഘട്ട വരവ്-ചെലവ് കണക്ക് എ. ഇ. എൽ. ആഡിറ്റിന് സമർപ്പിക്കുകയും സമാപ്തീകരണവുമായി ബന്ധപ്പെട്ട അന്തിമ ഉത്തരവാക്കുന്നതിനായി ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സൂചന അഞ്ച് പ്രകാരമുള്ള എ. ഇ. എൽ. ആഡിറ്റ് പൂർത്തീകരിക്കുകയും സംഘത്തിന് ഇതേ തീയതിയിൽ യാതൊരുവിധ ആസ്തി-ബാദ്ധ്യതകളും നിലവിലില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

വടകര ടിമ്പർ വർക്കേഴ്സ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഡി. 2290 19-2-1977-ന് രജിസ്റ്റർ ചെയ്യുകയും 6-4-1977-ന് നാമമാത്രമായി പ്രവർത്തനമാരംഭിക്കുകയും കഴിഞ്ഞ ഇരുപത് വർഷത്തിൽ കൂടുതലായി പ്രവർത്തനരഹിതമാകുകയും സംഘത്തെ പ്രവർത്തനക്ഷമമാക്കുന്നതിന് യാതൊരുവിധ സാദ്ധ്യതയുമില്ലെന്ന് കണ്ടതിനാലും കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം വടകര ടിമ്പർ വർക്കേഴ്സ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഡി. 2290-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, കോഴിക്കോട്.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ
(ജനറൽ).